**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3653** **20.06.2019-ൽ മറുപടിക്ക്**

**സർക്കാർ മെഡിക്കൽ കോളേജുകളുടെ നിലവാരം ഉയർത്താൻ പദ്ധതി**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.എ. പ്രദീപ്കുമാർ**<br>**ശ്രീ. ഡി.കെ. മുരളി**<br>**ശ്രീമതി യു. പ്രതിഭ**<br>**ശ്രീ.സി.കൃഷ്ണൻ** | **കെ.കെ. ശൈലജ ടീച്ചർ**<br>(ബഹു. ആരോഗ്യവും സാമൂഹ്യ നീതിയും വനിതാ ശിശു വികസനവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളെ എയിംസ് നിലവാരത്തിലേക്ക് ഉയർത്താൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ ചെയ്തു വരുന്ന കാര്യങ്ങൾ അറിയിക്കാമോ; ഏതെല്ലാം മെഡിക്കൽ കോളേജുകളെയാണ് ഇത്തരത്തിൽ വികസിപ്പിക്കുന്നത്; | (എ) & (ബി) | ഇതുസംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ആവശ്യാനുസരണം ഡോക്ടർമാരെയും മറ്റ് പാരാമെഡിക്കൽ ജീവനക്കാരെയും നിയമിച്ച് മെഡിക്കൽ കോളേജ് ആശുപത്രികളെ രോഗീസൗഹൃദമാക്കാൻ നടപടിയെടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ; | | |
| (സി) | ഇടുക്കി മെഡിക്കൽ കോളേജിന്റെ സ്ഥിതി മെച്ചപ്പെടുത്തുന്നതിനായി ഈ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വയനാട് മെഡിക്കൽ കോളേജിന്റെ നിർമ്മാണ പുരോഗതി അറിയിക്കുമോ? | (സി) | ഇടുക്കി മെഡിക്കൽ കോളേജിന്റെ ഒന്നാംഘട്ടത്തിലെ അക്കാഡമിക് ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി. പഴയ ആശുപത്രി കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ച 2014-ൽ എം.ബി.ബി.എസ്.-ന് 50 കുട്ടികൾക്ക് പ്രവേശനം നൽകി. 2015-ൽ രണ്ടാം എം.ബി.ബി.എസ്. ബാച്ചിൽ പ്രവേശനം നടന്നു. 2014-15 ബാച്ചിലെ മുഴുവൻ വിദ്യാർത്ഥികളെയും തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ, ആലപ്പുഴ, കോഴിക്കോട് മെഡിക്കൽ കോളേജുകളിലേയ്ക്ക് മാറ്റുകയുണ്ടായി. ഇടുക്കി മെഡിക്കൽ കോളേജിലെ അനാട്ടമി, ഫിസിയോളജി, |

| | | | |
|---|---|---|---|
| | | | കമ്മ്യൂണിറ്റി മെഡിസിൻ, മൈക്രോബയോളജി, ഫാർമക്കോളജി വിഭാഗങ്ങളുടെ പണി പൂർത്തിയായി വരുന്നു.<br>വയനാട് മെഡിക്കൽ കോളേജിലേയ്ക്കുള്ള ആക്സസ് റോഡിന്റെ പണി പൂർത്തിയാക്കി. കെട്ടിട സമുച്ചയത്തിന്റെ പണികൾ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളെ എയിംസ് നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഓരോ മെഡിക്കൽ കോളെജിനും മാസ്റ്റർ പ്ലാൻ തയ്യാറാക്കി നടപ്പാക്കാനുള്ള പ്രവർത്തനങ്ങൾക്കു തുടക്കം കുറിച്ചു. എറണാകുളം മെഡിക്കൽ കോളെജിന് 368.75 കോടിയുടെ പദ്ധതിക്ക് KIIFB വഴി അംഗീകാരം നൽകി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു

തിരുവനന്തപുരം മെഡിക്കൽ കോളെജിന് 717 കോടിയുടെ പദ്ധതിക്ക് KIIFB വഴി അംഗീകാരം നൽകി ആദ്യ ഘട്ടമെന്ന നിലയിൽ 58 കോടി രൂപയുടെ ഭരണാനുമതി നൽകി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു

കോട്ടയം, തൃശ്ശൂർ മെഡിക്കൽ കോളേജുകൾക്ക് മാസ്റ്റർ പ്ലാൻ തയ്യാറാക്കി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു SPV ആയി HLL, INKEL എന്നിവരെ ചുമതലപ്പെടുത്തി.

തിരുവനന്തപുരം, ആലപ്പുഴ, കോഴിക്കോട്, തൃശ്ശൂർ മെഡിക്കൽ കോളെജുകളിൽ (നിലവിലുള്ളവയിൽനിന്ന് അധികമായി) കഴിഞ്ഞ 2 വർഷത്തിനുള്ളിൽ 147 പി. ജി സീറ്റുകൾ കൂടി MCI-യുടെ അംഗീകാരത്തോടെ ലഭ്യമാക്കി.

എല്ലാ മെഡിക്കൽ കോളെജുകളിലും ആർദ്രം പദ്ധതിയുടെ ഭാഗമായി ഒ.പി.കൾ വിപുലീകരിക്കാനുള്ള പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. എസ്.എ.ടി.യിൽ പീഡിയാട്രിക് കാർഡിയോളജി, റീ-പ്രൊഡക്ടീവ് മെഡിസിൻ പീഡിയാട്രിക് നെഫ്രോളജി മുതലായ സ്പെഷ്യാലിറ്റി കോഴ്സുകൾ തുടങ്ങാൻ വേണ്ട തസ്തികകൾ അനുവദിച്ചു സർക്കാർ മേഖലയിൽ ആദ്യമായി തിരുവനന്തപുരം മെഡിക്കൽ കോളെജിൽ DM Endocrinology കോഴ്സ് ആരംഭിച്ചു.

മെഡിക്കൽ വിദ്യാഭ്യാസവകുപ്പിൽ 'പേഷ്യന്റ് ഫ്രണ്ട്‌ലി ട്രാൻസ്ഫെർമേഷൻ ഓഫ് ഔട്ട് പേഷ്യന്റ് സർവ്വീസ്' എന്ന പദ്ധതിക്കായി 51.8184 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ, മെഡിക്കൽ കോളേജുകളിലേക്ക് 4 കോടി വീതം ചെലവഴിച്ച് സി.റ്റി. സിമുലേറ്റർ വാങ്ങുന്നതിനു ഭരണാനുമതി നൽകിയിട്ടുണ്ട്.

ആലപ്പുഴ മെഡിക്കൽ കോളെജിൽ DM Nephrology കോഴ്സ് ആരംഭിച്ചു. ആലപ്പുഴ മെഡിക്കൽ കോളെജിൽ 12 കോടി രൂപ ചെലവിൽ എം. ആർ. ഐ സ്കാൻ സ്ഥാപിച്ചു. കേരളത്തിൽ ആദ്യമായി ഡെന്റൽ വിഭാഗത്തിൽ തിരുവനന്തപുരം ഡെന്റൽ കോളെജിനോട് അനുബന്ധിച്ച് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡെന്റൽ ടെക്നോളജി ആരംഭിക്കാൻ അനുമതി നൽകി.

കേരളത്തിൽ ആദ്യമായി ബി.എസ്‌സി. ഡയാലിസിസ് ടെക്നോളജി കോഴ്സ് ആലപ്പുഴ, കോഴിക്കോട് മെഡിക്കൽ കോളെജുകളിൽ ആരംഭിക്കാൻ അനുമതി നൽകി

ആലപ്പുഴ, കോഴിക്കോട്, മെഡിക്കൽ കോളെജുകളിൽ സൂപ്പർ സ്പെഷ്യാലിറ്റി കെട്ടിടങ്ങൾ നിർമ്മിച്ചുവരുന്നു.

സ്റ്റാഫ് പാറ്റേൺ പരിഷ്കരിച്ചുകൊണ്ട് അഞ്ച് മെഡിക്കൽ കോളെജുകളിലേക്ക് 721 സ്റ്റാഫ് നഴ്സ് തസ്തികകൾ സൃഷ്ടിച്ചു.

കാൻസർ സെൻററുകളിൽ മാത്രം ലഭ്യമായിരുന്ന ചികിൽസ മെഡിക്കൽ കോളേജുകളിൽ ലഭ്യമാക്കും വിധം മെഡിക്കൽ കോളേജുകളിൽ സർജിക്കൽ ഓങ്കോളജി, മെഡിക്കൽ ഓങ്കോളജി, ഓങ്കോ പാത്തോളജി എന്നീ വിഭാഗങ്ങൾ ആരംഭിക്കുകയും ഇതിലേക്കായി 105 അധിക തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തു.

തിരുവനന്തപുരം മെഡിക്കൽ കോളെജിൽ ലെവൽ 2 ട്രോമാ കെയർ സംവിധാനം ഏർപ്പെടുത്താനുള്ള പ്രവർത്തനം പുരോഗമിക്കുന്നു. തിരുവനന്തപുരം മെഡിക്കൽ കോളെജിൽ സംസ്ഥാനത്ത് നടപ്പിലാക്കുന്ന സമ്പൂർണ ട്രോമ കെയർ സംവിധാനത്തിന്റെ ഭാഗമായി തിരുവനന്തപുരം മെഡിക്കൽ കോളേജിന് 11.27 കോടി രൂപയുടെ കോമ്പ്രിഹെൻസീവ് ഭരണാനുമതി നൽകുകയും ആദ്യ ഘട്ടമായി 7.5 കോടി രൂപ അനുവദിക്കുകയും ചെയ്തു. മികച്ച ട്രോമകെയർ പരിശീലനത്തിന് മെഡിക്കൽ കോളേജിൽ സ്ഥാപിക്കുന്ന 10 കോടി രൂപയുടെ അത്യാധുനികസൗകര്യങ്ങളോടു കൂടിയ സ്റ്റേറ്റ് ഓഫ് ദ ആർട്ട് സിമുലേഷൻ സെന്ററിന്റെ MoU-വും, പ്രൊപ്പോസലും അംഗീകരിക്കാനുള്ള നടപടികൾ പുരോഗമിച്ച് വരികയാണ്.

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ എമർജൻസി മെഡിസിൻ വിഭാഗം ശക്തിപ്പെടുത്തുന്നതിന് വേണ്ടി 106 തസ്തികകൾ അനുവദിച്ചിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളെജിൽ മൾട്ടിസ്പെഷ്യാലിറ്റി ബ്ലോക്ക് പ്രവർത്തനക്ഷമമാക്കി. തിരുവനന്തപുരം മെഡിക്കൽ കോളെജിൽ ഇ-ഹെൽത്ത് പദ്ധതിപ്രകാരം രോഗികളുടെ സൗകര്യം വർദ്ധിപ്പിക്കാൻ ഒ.പി..യിൽ ടോക്കൺ സംവിധാനവും അപ്പോയിന്റ്മെന്റ് സംവിധാനവും ഏർപ്പെടുത്തി. തിരുവനന്തപുരം മെഡിക്കൽ കോളെജിൽ പീഡിയാട്രിക് കാർഡിയോളജി വിഭാഗത്തിൽ കാത്ത് ലാബ് സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചു

കോട്ടയം മെഡിക്കൽ കോളേജിൽ 5.31 കോടി രൂപ മുടക്കി പുതിയ സി. ടി സ്കാൻ സ്ഥാപിച്ചു. കോട്ടയം മെഡിക്കൽ കോളേജിൽ ട്രോമ കെയർ സംവിധാനത്തോടുകൂടിയ പുതിയ അത്യാഹിത വിഭാഗം (36 കോടി ) ബ്ലോക്ക് പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചു. കോട്ടയം മെഡിക്കൽ കോളേജിൽ 3.30 കോടി രൂപയ്ക്ക് ഡി.എസ്.എ മെഷീൻ വാങ്ങുന്നതിന് ഭരണാനുമതി നൽകി. കോട്ടയം മെഡിക്കൽ കോളേജിൽ എം.ആർ.ഐ സ്കാൻ വാങ്ങാൻ അനുമതി നൽകി. കേരളത്തിൽ ആദ്യമായി കോട്ടയം മെഡിക്കൽ കോളേജിൽ ട്രാൻസ്ജെൻഡർമാർക്കു മാത്രമായി ഒ.പി. സംവിധാനം ആരംഭിച്ചു കോട്ടയം മെഡിക്കൽ കോളേജിൽ രണ്ടാമത്തെ കാത്ത് ലാബ് അനുവദിച്ചു കോട്ടയം മെഡിക്കൽ കോളേജിൽ എമർജൻസി മെഡിസിൻ ആരംഭിക്കുന്നതിന്റെ ഭാഗമായി 17 അധ്യാപക തസ്തിക അനുവദിച്ചിട്ടുണ്ട്.

ആലപ്പുഴ മെഡിക്കൽ കോളേജിൽ 21.47 കോടി രൂപ മുതൽ മുടക്കിൽ സ്റ്റേറ്റ് ട്രോമാ കെയർ യൂണിറ്റിന്റെ നിർമ്മാണം ആരംഭിച്ചു ആലപ്പുഴ മെഡിക്കൽ കോളേജിൽ ട്രോമാ കെയർ യൂണിറ്റിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു. ആലപ്പുഴ മെഡിക്കൽ കോളേജിൽ 12 കോടി രൂപ ചെലവിൽ എം.ആർ.ഐ സ്ഥാപിച്ചു.

തൃശ്ശൂർ മെഡിക്കൽ കോളെജിൽ 8.60 കോടി രൂപ ചെലവഴിച്ച് കാർഡിയോളജി വിഭാഗത്തിൽ കാത്ത് ലാബ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിനായി 19 തസ്തികകളും കാർഡിയോ തൊറാസിക് വിഭാഗം ആരംഭിക്കാൻ 14 തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. തൃശ്ശൂർ മെഡിക്കൽ കോളെജിൽ കേടായ ടെലി കൊബാൾട്ട് മെഷീൻ ഒരുകോടി രൂപ ചെലവഴിച്ച് ഉപയോഗപ്രദമാക്കി ക്യാൻസർ രോഗികൾക്കുള്ള റേഡിയേഷൻ ചികിത്സ പുനഃസ്ഥാപിച്ചു തൃശ്ശൂർ മെഡിക്കൽ കോളെജിൽ ക്യാൻസർ രോഗികൾക്കായി കീമോ ഡേ കെയർ സെന്റർ പണികഴിപ്പിച്ചു. സി. ടി സ്കാനർ സ്ഥാപിച്ചു.

മഞ്ചേരി മെഡിക്കൽ കോളെജിൽ ക്യാൻസർ നിർണ്ണയത്തിനുള്ള വിവിധ ഉപകരണങ്ങൾ വാങ്ങാൻ 99 ലക്ഷം രൂപ അനുവദിച്ചു. ഇ.എൻ.റ്റി. എച്ച്.ഡി. സെറ്റ്, കമ്പ്യൂട്ടർ റേഡിയോഗ്രഫി എന്നീ ഉപകരണങ്ങൾ വാങ്ങാനുള്ള നടപടികൾ സ്വീകരിച്ചു. മഞ്ചേരി മെഡിക്കൽ കോളേജിൽ റെസിഡെൻഷ്യൽ സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി അധ്യാപക-അനധ്യാപക ക്വാർട്ടേഴ്സ്, ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഹോസ്റ്റൽ, ഓഡിറ്റോറിയം എന്നിവയുടെ നിർമ്മാണപ്രവർത്തനങ്ങൾ (103.86 കോടി രൂപ) പുരോഗമിച്ചുവരുന്നു. ആശുപത്രിയുടെയും ഭാവി വികസനത്തിന് ആവശ്യമായി വരുന്ന 7 ഏക്കർ സ്ഥലം ഏറ്റെടുക്കൽ നടപടികൾക്ക് ഭരണാനുമതി നൽകി കഴിഞ്ഞു. മഞ്ചേരി മെഡിക്കൽ കോളേജിൽ മെച്ചപ്പെട്ട ചികിത്സ ലഭ്യമാകുന്നതിന്റെ ഭാഗമായി അത്യാധുനിക സംവിധാനങ്ങളോടു കൂടിയ ഉപകരണങ്ങളായ വെന്റിലേറ്റർ കളർ ഡോപ്ലെയർ, ഇക്കോ കാർഡിയോഗ്രാഫി, അൾട്രാ സൗണ്ട് സ്കാനർ, മാമ്മോഗ്രാഫി മെഷിനും അനുബന്ധ ഉപകരണങ്ങളും, സി.ടി. സ്കാനർ, ഹൈ ഏൻഡ് -അൾട്രാ സോണോഗ്രാം, EEG, EMG, ഫീറ്റൽ റേഡിയോളജി യൂണിറ്റ് തുടങ്ങിയ ഒട്ടനവധി ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. മഞ്ചേരി മെഡിക്കൽ കോളേജ് ആശുപത്രിയിൽ സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി കാർഡിയോളജി വിഭാഗം ശക്തിപ്പെടുത്തുകയും 8 കോടി മുതൽ മുടക്കി കാത്ത് ലാബ് സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ഇതുകൂടാതെ ന്യൂറോളജി വിഭാഗം ഡോക്ടറുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. മഞ്ചേരി മെഡിക്കൽ കോളേജിന്റെയും ആശുപത്രിയുടെയും ഭാവി വികസനത്തിന് ആവശ്യമായി വരുന്ന 7 ഏക്കർ സ്ഥലം ഏറ്റെടുക്കൽ നടപടികൾക്ക് ഭരണാനുമതി നൽകി കഴിഞ്ഞു.

എറണാകുളം മെഡിക്കൽ കോളെജിൽ 8 കോടിരൂപ ചെലവഴിച്ച് കാത്ത് ലാബ് സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചു. എറണാകുളം മെഡിക്കൽ കോളെജിൽ തസ്തികകൾ സൃഷ്ടിച്ച്, നെഫ്രോ, കാർഡിയോ, ന്യൂറോ വിഭാഗങ്ങൾ ഉൾപ്പടെയുള്ള സൂപ്പർ സ്പെഷ്യാലിറ്റി ആരംഭിച്ചിട്ടുണ്ട്. എറണാകുളം മെഡിക്കൽ കോളെജിൽ എം.ആർ.ഐ ഉൾപ്പടെയുള്ള ആധുനിക ഉപകരണങ്ങൾ സ്ഥാപിക്കുന്നതിന് ഇമേജ് സെന്റർ നിർമ്മിക്കാൻ 25 കോടി രൂപയുടെ അനുമതി നൽകി.

കോഴിക്കോട് മെഡിക്കൽ കോളെജിൽ 44.50 കോടി രൂപ ചിലവിൽ ടെർഷ്യറി കാൻസർ സെന്ററിന്റെ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചു. കോഴിക്കോട് മെഡിക്കൽ കോളെജിൽ ന്യൂക്ലിയർ മെഡിസിൻ വിഭാഗത്തിൽ 5. 8 കോടി രൂപ ചെലവിൽ സ്പെക്റ്റ് സി.ടി ഗാമ ക്യാമറയും റേഡിയോളജി വിഭാഗത്തിൽ ആറുകോടി രൂപ ചെലവിൽ അത്യാധുനിക 128 സൈസ് കാർഡിയാക് സി.ടി സ്കാനും സ്ഥാപിച്ചു. കോഴിക്കോട് മെഡിക്കൽ കോളെജിൽ മോളിക്യുലാർ ഡയഗ്നോസ്റ്റിക്സ് ഫെസിലിറ്റി ക്രമീകരിക്കുന്നതിനായി 1.2 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്

പാരിപ്പള്ളി മെഡിക്കൽ കോളേജിൽ 8 കോടി രൂപ മുതൽ മുടക്കിൽ സ്ഥാപിക്കുന്ന കാത്ത് ലാബിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ത്വരിത ഗതിയിൽ നടക്കുന്നു. പാരിപ്പള്ളി മെഡിക്കൽ കോളേജിൽ 2.5 കോടി രൂപ ചെലവഴിച്ച് സി.ടി സ്കാൻ സ്ഥാപിച്ചു.

സെക്ഷൻ ഓഫീസർ